**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5210** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമി തരം മാറ്റലിൽ സ്വകാര്യ ഏജൻസികളുടെ തട്ടിപ്പ് കണ്ടെത്തുന്നതിനായി നിയോഗിച്ച റവന്യൂ വിജിലൻസ് നാളിതുവരെ എത്ര തട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോ തട്ടിപ്പ് കേസിലും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് ഭൂമിതരംമാറ്റത്തിനായുള്ള അപേക്ഷാ സമർപ്പണ നടപടികളിൽ, ചില സ്വകാര്യ ഏജൻസികൾ ഇടപെടൽ നടത്തി വരുന്നുണ്ട്. വലിയൊരു വിഭാഗം അപേക്ഷകർ അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലിചെയ്യുന്നവരിൽ പലരും മറ്റ തിരക്കുകൾ ഉള്ളവരും, അവരുടെ സൗകര്യാർത്ഥം തരം മാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി അവരുടെ സ്വന്തം താൽപ്പര്യത്തിൽ ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇപ്രകാരമുള്ള സ്വകാര്യ ഏജൻസികൾ ഭൂമി തരം മാറ്റൽ നടപടികൾ നിയന്ത്രിക്കുന്നു എന്ന രീതിയിലോ, ഏതെങ്കിലും ക്രമക്കേടുകൾ സംബന്ധിച്ചോ ഉള്ള പരാതി ശ്രദ്ധയിൽപ്പെടുന്ന വേളയിൽ തന്നെ, ബന്ധപ്പെട്ട അധികൃതർ/ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ നിർദേശിച്ച് പരാതികൾ അവർക്ക് കൈമാറി വരുന്നുണ്ട്. സേവനത്തെ മറയാക്കി ഇത്തരം ഏജൻസികൾ നടത്തി വരുന്ന തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും റവന്യൂ വിജിലൻസിനെ ചുമതലപ്പെടുത്തി കൊണ്ട് കർശന നിർദ്ദേശവും നല്കിയിട്ടുണ്ട്.<br><br>ഇപ്രകാരം ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ, ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാകുന്ന പക്ഷം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് മേഖലാടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള റവന്യൂ വിജിലൻസ് ഡെപ്യൂട്ടി |

| | | | |
|---|---|---|---|
| | | | കളക്ടർമാരുടെയും ജില്ലാ കളക്ടറേറ്റുകളിലെ ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗത്തിന്റെയും പരിശോധനകളിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് സ്വകാര്യ ഏജൻസികളുടെ ക്രമക്കേടുകളൊന്നും നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ